# സെന്റ് ജോസഫ്സ് യു.പി സ്കൂൾ

## മൈലെള്ളാംപാറ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26

# ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ഈ ലോകത്തിൽ ക്രിയാത്മകമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക പുരോഗതിയിലേക്കുള്ള പാത, വിദ്യാലയത്തിന്റെ ദർശനം, അക്കാദമിക ലക്ഷ്യങ്ങൾ, മുൻഗണനകൾ, വിഭവ വിനിയോഗം, പ്രവർത്തന പരിപാടികൾ ഇവയെല്ലാം ഉൾച്ചേർന്നതാണ് അക്കാദമിക മാസ്റ്റർ പ്ലാൻ.

## ലക്ഷ്യം.

⇒ ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠന പ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുക

⇒ വിദ്യാലയത്തിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

⇒ ക്ലാസ്മുറിയിലെ പഠന പ്രവർത്തനങ്ങൾക്ക് പുറമെ കലാ - കായിക - പ്രവൃത്തി പരിചയ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടാനുള്ള അവസരം.

⇒ വിദ്യാലയത്തിലെ പഠന പിന്തുണാ സംവിധാനങ്ങളായ ലാബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്യമാക്കുകയും

അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യു

<u>സംഗ്രഹം</u>:

ഓരോ വിദ്യാർത്ഥിക്കും തല്പരതയോടെ അതാത് മേഖ
ലുള്ള പഠനയാത്രകൾ അറിയുന്ന സങ്കേതങ്ങളെ പ
വധി പ്രയോജനപ്പെടുത്തി, ആസ്വാദ്യകരമായ രീ
ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ ഓരോ വിദ്യാലയത്തെ
നല്ല പഠനാന്തരീക്ഷവും മികച്ച പഠനരീതികളും സജ്ജ
മാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ഉപകരിക്കു

# സെന്റ് ജോസഫ്സ് യു.പി സ്കൂൾ

## മൈലെള്ളാംപാറ

2025-26

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# മലയാളം

## ആമുഖം.

വായിച്ചു വളരുക, ചിന്തിച്ച് വിവേകം നേടുക എന്ന മഹത്‌വചനത്തിന് വേണ്ടി വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലേക്ക് നയിക്കാനും വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും മികച്ച വായനക്കാരാക്കുന്നതൊപ്പം മികച്ച എഴുത്തുകാരനാക്കുക. ഈ ലക്ഷ്യം നേടുന്നതിനായി പിന്നോക്കം നിൽക്കുന്നവരെ കൂടി മുൻധാരയിലെത്തിച്ച് വായനയും എഴുത്തും ഒരു നവ്യാനുഭവമാക്കി, വിദ്യാലയത്തെ ഒരു സർഗ്ഗചൈതന്യമാക്കി മാറ്റുവാൻ മലയാളത്തിളക്കം സഹായിക്കുന്നു. കുട്ടിയുടെ ഭാഷാവികാസം വൈജ്ഞാനിക വികാസവുമായും ചിന്താശേഷിയുടെ വളർച്ചയുമായും ബന്ധപ്പെട്ടിരിക്കുന്നത്. ഊഹിക്കുക, ഭാവനയിൽ കാണുക, പ്രവചിക്കുക, വിവരിക്കുക, വർണ്ണിക്കുക എന്നിങ്ങനെ പഠിതാവിന്റെ ചിന്താശേഷി ചടുലമായും, സർഗ്ഗാത്മകമായും ഉപയോഗപ്പെടുത്തുന്നതിന് അവസരം ലഭിക്കുന്ന പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു.

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ<br>ഭാഷയുടെ അടിസ്ഥാന ശേഷി വികസനം.<br>ആശയ സംവേദനം നടത്താനും പദസമ്പത്ത് വർധിപ്പിക്കാനും പഠിതാക്കളെ പ്രാപ്തരാക്കുക. | **മുന്നറിവ് പരിശോധന**<br>ശരിയായ ചിത്രങ്ങൾ ചേർന്ന് വാക്യം പൂർത്തിയാക്കുന്നതിലൂടെ പഠിതാക്കളുടെ അക്ഷരശുദ്ധി ചിത്രങ്ങളുടെ ശരിയായ ധാരണ എന്നിവ വിലയിരുത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **എന്റെ അവധിക്കാലം**<br>വിവിധ വ്യവഹാര രൂപങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ അവതരിപ്പിക്കുന്നു. | ജൂൺ മാസം | | |
| | **ഭാഷാകേളി**<br>അക്ഷരങ്ങളും, പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്**<br>അക്ഷര കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | | |

| | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| 2. കുട്ടിയെ മികച്ച വായനക്കാരനാക്കുക. (വായനക്കൂട്ടം) | **ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ**<br>വീടുകളിൽ കുട്ടികൾ വായിച്ചുതീർന്ന പുസ്തകങ്ങളും ജന്മദിന സമ്മാനമായി ക്ലാസിലേക്ക് സംഭാവന ചെയ്യുന്ന പുസ്തകങ്ങളും ഉൾപ്പെടുത്തി ക്ലാസ് വായനക്കൂട്ടം രൂപീകരിക്കുന്നു. | ജൂലൈ മാസം. | മലയാളം ക്ലബ് | |
| 3. പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുന്നു. | **വാർത്താ ലോകത്തേക്ക്**<br>പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പതിവായി വായിക്കുകയും പ്രതികരണ ശേഷി ഉണ്ടാക്കുകയും ഉച്ചാരണ ശുദ്ധി വരുത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | | |
| | **വാർത്താ വായന**<br>അതാത് മാസത്തെ പ്രധാന സംഭവങ്ങൾ, ക്ലാസ്തലത്തിൽ നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ എന്നിവ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. | പ്രതിമാസം | | |
| | **ക്വിസ് മത്സരം**<br>ദിനാചരണങ്ങളും, സമകാലികസംഭവങ്ങളും, ലോക വിവരങ്ങളെല്ലാം അടിസ്ഥാനമാക്കി ക്വിസ് മത്സരം നടത്തുന്നു. | പ്രതിമാസം | മലയാളം ക്ലബ് | |

| | | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 4 | വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടൽ | സാഹിത്യകാരന്മാരുമായുള്ള അഭിമുഖം/സംവാദം<br>സാഹിത്യവായന മെച്ചപ്പെടുത്താൻ, കൃതികളെ ആഴത്തിലറിയാൻ, ആസ്വാദന രചന തന്ത്രങ്ങളറിയാൻ, കഥ, കവിത രൂപീകരണം മനസിലാക്കാൻ അഭിമുഖ സംഭാഷണവും, സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ടു പ്രാവശ്യം | മലയാളം ക്ലബ്ബ് | |
| 5 | കുട്ടികളുടെ സർഗ്ഗാത്മക ശേഷി വളർത്തൽ | വ്യക്തിഗത രചന, സംഘരചന<br>കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കാൻ നിരവധി രചനാ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ചു കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | | |
| 6. | പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | ദിനാചരണങ്ങൾ<br>വായനയും, എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു. സ്കൂൾ അസംബ്ലിയിൽ ക്ലാസടിസ്ഥാനത്തിൽ കുട്ടികളുടെ കലാപരമായ കഴിവുകൾ പ്രകടിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ദ്ധരായ കലാകാരന്മാരെ പങ്കെടുപ്പിച്ച് ശില്പശാല സംഘടിപ്പിക്കുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |

പ്രവർത്തനങ്ങൾ

| | | | കാലം | ചുമതലപ്പെടുത്തിയവർ |
|---|---|---|---|---|
| 7 | കുട്ടികളുടെ ആകാശവാണി. സെന്റ് ജോസഫ്സ് യു.പി. സ്കൂൾ അവതരണ മികവ് | സെന്റ് ജോസഫ്സ് എഫ്.എം.<br>ഓരോ ആഴ്ചയിലേയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാന സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു.<br>വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. | ഉച്ചക്ക ശേഷം ആഴ്ചയിൽ രണ്ട് ദിവസം വിശേഷ ദിനങ്ങൾ | ക്ലാസ് ലീഡർ സ്കൂൾ ലീഡർ മലയാളം അധ്യാപകർ |

സെന്റ് ജോസഫ്സ് യു.പി.സ്കൂൾ

മൈലെള്ളാം പാറ

2025 – 2026

അക്കാദമിക് മാസ്റ്റർ പ്ലാൻ

# ഇംഗ്ലീഷ്

| Aim | Activities | Month | Responsible Person | Economic Source |
| --- | --- | --- | --- | --- |
| To encourage listening & speaking | Interactive storytelling sessions discussing themes, characters and plots | June | English teachers | English club. |
| Introducing sentences used for basic communication | Presenting basic communication sentences | through out the year | class teachers | |
| Enhance vocabulary | Vocabulary games & exercises to build word knowledge | July | | |
| Improving effective communication skills for various contexts | Encourage students to take turns reading aloud and share their interpretations and reactions to the texts | throughout the year | English teachers | |
| | Introducing rhymes to students | | | |
| | Debates and presentations for advanced speaking practice | Aug–Sept | English teachers | English club |
| | Expanding vocabulary with context clues from passages | | | |

| Aim | Activities | Month | Responsible person | Economic Source |
|---|---|---|---|---|
| To develop writing skills<br>introduce grammatical concepts such as parts of speech, tenses and sentence structure.<br>To develop basic grammar rules<br>Focus on sentence structure, punctuation and grammar<br><br>Expanding vocabulary through reading and interactive activities | * improve sentence structure<br>* practice for simple creative writing tasks like paragraphs short stories, and simple poetry.<br>* Focus on developing paragraph and essays.<br>* Preparing and developing, delivering speeches.<br><br>* Interactive grammar games, tongue twisters, riddles<br>* Grammar lesson with examples and practice | January-February | English teachers | |

| Aim | Activities | Month | Responsible Person | Economic Source |
| --- | --- | --- | --- | --- |
| Language games, puzzles and activities | * integrate language games and activities to reinforce vocabulary, grammar and language skills in an engaging way.<br>* To create their own poems, stories, acrostic poems, riddles to make class magazines | | English teacher | English club |
| Differentiation & support | ✓ Provide support and remedial programmes to struggling students<br>✓ Recognise and accommodate the diverse learning needs of students through differentiated instructions for gifted learners.<br>* offer opportunities for enrichment to extend learning beyond the core curriculum to cater students' interests | | | |

അക്കാദമിക് മാസ്റ്റർ പ്ലാൻ

2025-26

സെൻ്റ് ജോസഫ് യു.പി. എസ്

വെള്ളരിക്കുണ്ട്

സബ്ജക്ട് : ഹിന്ദി

# ആമുഖം

## പൊതുവായ ലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തി എടുക്കുക
* ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
* ഹിന്ദി ഭാഷ പഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
* ഹിന്ദി ഭാഷ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷ സ്നേഹവും ദേശ സ്നേഹവും വളർത്തി എടുക്കുക.
* ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തമാക്കുന്നു.

| SL NO | Programme | Activity | Duration | Intellectual | Incharge Responsibility |
|---|---|---|---|---|---|
| 1 | UP തലത്തിലെ വിദ്യാർത്ഥികൾക്ക് അക്ഷരങ്ങളും പദങ്ങളും വാക്യങ്ങളും ഉറപ്പിക്കൽ. ഉച്ചാരണം പരിചയപ്പെടുത്തൽ | * അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. * അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. * വീഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൃത്യമായി പരിചയപ്പെടുത്തുന്നു. | ജൂൺ - ജൂലൈ | അക്ഷരച്ചാർട്ട് | ഹിന്ദി ടീച്ചർ |
| 2 | മാസങ്ങൾ പരിചയപ്പെടുത്തുന്നു. | * ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടെയും ജന്മദിനം ഹിന്ദിയിൽ പറയുവാൻ പഠിപ്പിക്കുന്നു. | ഓഗസ്റ്റ് - സെപ്റ്റംബർ ഒക്ടോബർ | ഹിന്ദി നിഘണ്ടു. പാഠപുസ്തകം | |
| 3 | ഹിന്ദി അക്ഷരങ്ങൾ എഴുതാനും വായിക്കുവാനും പരിശീലിപ്പിക്കുന്ന വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു | * ഇടവേളകളിൽ , പദപ്രശ്നങ്ങൾ പോലുള്ള കളികൾ നൽകുന്നു. * ചിത്രങ്ങൾ, കാർട്ടൂൺ, ചെറിയ കഥകൾ തുടങ്ങിയവ വായനയ്ക്കായ് നൽകുന്നു. | നവംബർ ഡിസംബർ ജനുവരി. | | |

| SL NO | Programme | Activity | Duration | Intellectual | Incharge Responsibility |
|---|---|---|---|---|---|
| 4 | ആശയങ്ങൾ തെറ്റു കൂടാതെ പ്രകടിപ്പിക്കാനും സ്വന്തമായ രചനകൾ വികസിപ്പിക്കാനുള്ള അവസരം (സ്കൂളിൽ ഹിന്ദി) | ഹിന്ദി അസംബ്ലി. ദിനാചരണങ്ങൾ [ ജനുവരി 10 ] ചിത്രസഹായങ്ങളോടെ ചിത്രകഥ തയ്യാറാക്കൽ ചിത്രം അവതരിപ്പിച്ച് തയ്യാറാക്കുക | ഫെബ്രുവരി മാർച്ച് | ഹിന്ദി [illegible] | ഹിന്ദി ടീച്ചർ |

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26.

## സോഷ്യൽ സയൻസ്.

[illegible]

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇന്ത്യ, കേരളം അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ നേടിയെടുക്കൽ | ഇന്ത്യ, കേരളം ഇവയുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാന അറിവ് പരിശോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു | ജൂൺ. | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | Virtual Field Trip. ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ video പ്രദർശിപ്പിക്കുന്നു | ജൂലൈ. | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| സഹജീവികളോട് സമഭാവന വളർത്തിയെടുക്കുക | വിഭവങ്ങൾ, അവസരങ്ങൾ, ലഹരിയുടെ ഉപയോഗം എന്നിവയിൽ നിന്ന് സമൂഹം തന്നെ രക്ഷിക്കുക. യുദ്ധങ്ങളുടെ തീവ്രത മനസിലാക്കുക, യുദ്ധത്തിന്റെ അനന്തരഫലങ്ങൾ - ചർച്ച. | ആഗസ്റ്റ്. | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| ജനാധിപത്യപരമായ ജീവിത ശീലം- | ഗ്രാമസഭയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യത്തിന്റെ അടിസ്ഥാനതലം മനസിലാക്കുന്നു. | സെപ്റ്റംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ, മാതാപിതാക്കൾ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കൽ | വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ചിത്രങ്ങളും ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രത മനസിലാക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് ബോധവാന്മാരാക്കുകയും ചെയ്യുന്നു. | ഒക്ടോബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ ചരിത്രനായകന്മാരെ പരിചയപ്പെടുന്നു. | ഇന്ന് നാം ജീവിക്കുന്ന സ്വതന്ത്ര ഇന്ത്യ യാഥാർത്ഥ്യമാക്കാൻ ജീവൻ പോലും ത്യജിച്ച ചരിത്രനായകന്മാരെ പരിചയപ്പെടുന്നു. [illegible]. | നവംബർ. | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | Field Trip., സർവ്വേ. കാവ്, കണ്ടൽക്കാടുകൾ കാടുകൾ, ജലാശയങ്ങൾ | ഡിസംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |

| ലക്ഷ്യം. | പഠനപ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിനിയോഗം. |
|---|---|---|---|---|
| ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ പരിചയപ്പെടുന്നതിനായി പഠനവിനോദയാത്ര | എടയ്ക്കൽ ഗുഹ തുടങ്ങിയ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിച്ച് ഗുഹാചിത്രങ്ങൾ പരിചയപ്പെടുന്നു. | ജനുവരി. | സാമൂഹ്യശാസ്ത്ര അധ്യാപകർ. | PTA. |
| സാമൂഹ്യസേവന മേഖലകളായ പഞ്ചായത്ത്, വില്ലേജ് ഓഫീസ്, ഗവ. ആശുപത്രി, Policestation, പോസ്റ്റ് ഓഫീസ് സന്ദർശനം. | പൊതു സാമൂഹ്യസേവന മേഖലകൾ സന്ദർശിച്ച് അവയുടെ പ്രവർത്തനം മനസ്സിലാക്കുന്നു. | ഡിസംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ. | PTA |
| പഠനോത്സവം. | കഴിഞ്ഞ 10 മാസം നേടിയ അറിവുകളുടെ പ്രദർശനവും അവതരണവും. | മാർച്ച്. | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

# സെന്റ് ജോസഫ്സ് യു.പി സ്കൂൾ

## മൈലെള്ളാംപാറ

2025 - 2026

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## അടിസ്ഥാനശാസ്ത്രം

# ആമുഖം

ഇന്ന്, ശാസ്ത്രം മനുഷ്യന്റെ ചിന്തകൾക്കതീതമായി ബഹുദൂരം വളർന്നു വികാസം പ്രാപിച്ചിരിക്കുന്നു. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തിയെടുക്കാൻ പരീക്ഷണ, നിരീക്ഷണ, അന്വേഷണാത്മക പ്രവർത്തനങ്ങളിലൂടെ അറിവിന്റെ വിവിധ തലങ്ങളിലേയ്ക്ക് അവരെ എത്തിച്ചുകൊണ്ട് ശാസ്ത്രബോധം ഉണർത്തുന്ന പൗരന്മാരായി, അവരെ രൂപാന്തരപ്പെടുത്തുന്നു. മനുഷ്യന്റെ മുന്നറിവുകളെ പ്രയോജനപ്പെടുത്തിക്കൊണ്ട് അറിവിന്റെ പുതിയ ലോകത്തിലേയ്ക്ക് അവരെ നയിക്കാൻ, ശാസ്ത്രപഠനത്തിലൂടെ സാധിക്കുന്നു. ക്ഷമയോടെയും സൂക്ഷ്മതയോടെയും പരീക്ഷണ പ്രവർത്തനങ്ങൾ, ആസൂത്രണം ചെയ്യുന്നതിനും, ഏർപ്പെടുത്തുന്നതിനും ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനും നിർവഹിക്കുന്നതിനും ധാരാളം അവസരങ്ങൾ ശാസ്ത്രപഠനം സാധ്യമാക്കുന്നു. കുട്ടികളിൽ പാരിസ്ഥിതിക അവബോധം സൃഷ്ടിക്കുന്നതിനും, പ്രകൃതി നമ്മുടെ ജീവന്റെ ഭാഗമാണെന്നും പ്രകൃതിയെ സംരക്ഷിക്കേണ്ടത്, തങ്ങളുടെ കടമയാണെന്നുമുള്ള ബോധ്യം കുട്ടികളിൽ ഉളവാക്കുന്നതിനും ശാസ്ത്രപഠനം സഹായിക്കുന്നു.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയാൻ | * ഔഷധസസ്യങ്ങൾ, പച്ചക്കറിത്തോട്ടം എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ജൈവ വൈവിധ്യപാർക്ക്<br>• ലഘുപരീക്ഷണങ്ങൾ<br>• ശാസ്ത്ര പരീക്ഷണങ്ങൾ<br>• ശാസ്ത്രലാബ്<br>സന്ദർശനം – പുഴയെ അറിയൽ | അക്കാദമിക വർഷം<br>ജൂലൈ - | ശാസ്ത്രാ-ധ്യാപകർ<br>സയൻസ് ക്ലബ്<br>ആരോഗ്യ ക്ലബ് | |
| * ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകളുടെ സഹായങ്ങളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക. | * ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു<br>* കുട്ടികൾ ശാസ്ത്രാവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര-മാസികകൾ ഉൾപ്പെടുത്തി ലൈബ്രറി തയ്യാറാക്കുന്നു. | അക്കാദമിക വർഷം<br>സെപ്തംബർ | ശാസ്ത്രാ-ധ്യാപകർ<br>സയൻസ് ക്ലബ്ബ് | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി |
|---|---|---|---|---|
| * ശാസ്ത്രവുമായി ബന്ധപ്പെടുത്തി നിലവിലെ സാഹചര്യത്തിൽ ഉയർന്നുവരുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ കുറയ്ക്കുന്നതിനായി പരിസ്ഥിതി സൗഹാർദ്ദപരമായ ഇടപെടലുകൾ സ്കൂൾ തലത്തിൽ നടത്തുന്നതിനായി ശാസ്ത്രീയമായ ധാരണകളും അനുകൂലമായ മനോഭാവങ്ങളും വളർത്തുക. | * ആവാസ വ്യവസ്ഥ സന്ദർശനം<br>* വൃക്ഷത്തൈ നട്ടുപിടിപ്പിക്കൽ<br>* ബോധവത്കരണ ക്ലാസുകൾ | അക്കാദമിക വർഷം<br>ഒക്ടോബർ | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ് | |
| * ജലസംരക്ഷണം, ഊർജ്ജ സംരക്ഷണം, പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം, പൊതു ശുചിത്വപാലനം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികളിൽ പാരിസ്ഥിതിക അവബോധം വളർത്തുന്നതിനുള്ള ക്രമീകരണം ചെയ്യുക. | * മഴക്കുഴി നിർമ്മാണം<br>* സെമിനാറുകൾ<br>* പ്ലക്കാർഡ് നിർമ്മാണം<br>* റാലികൾ<br>* LED ബൾബുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക. | അക്കാദമിക വർഷം<br>നവംബർ<br>ഡിസംബർ | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ് | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * വിവിധ ശേഷികളുടെ വികസനം | * ജൂൺ മുതൽ മാർച്ച് വരെയുള്ള ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര ക്ലബ്ബ്<br>ശാസ്ത്രാധ്യാപകർ | |
| * ശാസ്ത്രമേഖലയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുക. | * ശാസ്ത്രവുമായി ബന്ധപ്പെട്ട വിവിധ പ്രക്രിയാശേഷികളിൽ ഏർപ്പെടൽ<br>ICT സാധ്യത പ്രയോജനപ്പെടുത്തൽ | അക്കാദമിക വർഷം<br>മാർച്ച് | ശാസ്ത്ര ക്ലബ്ബ്<br>ശാസ്ത്രാധ്യാപകർ | |

സെന്റ് ജോസഫ് യു പി സ്കൂൾ

ചെന്നലമമാംപാറ

2025-26

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ഗണിതശാസ്ത്രം

# ആമുഖം

വസ്തുതകളുടെ സംഖ്യരൂപങ്ങൾ ഉപയോഗിച്ച് അപഗ്രഥിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുക എന്നതാണ് ഗണിതശാസ്ത്രപഠനത്തിൽ പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത്. ജീവിതത്തിൽ ഗണിതശാസ്ത്രത്തിന് നിർണ്ണായക പങ്കുണ്ട്. ഗണിതശാസ്ത്രം ഉപയോഗിക്കാതെ ഒരു ദിവസത്തെ പോലും ആരോട് തള്ളിവിടാൻ നമുക്കാവില്ല. മറ്റ് വിഷയങ്ങൾ പോലും ഗണിതശാസ്ത്രവുമായി അഭേദ്യമായ ബന്ധം പുലർത്തുന്നുണ്ട്. വസ്തുതകളെ യുക്തിസഹമായി മനസ്സിലാക്കുന്നതിനും ചിന്താശക്തി വർധിപ്പിക്കുന്നതിനും ഈ ഗണിതശാസ്ത്രപഠനം ഏറെ സഹായകമാണ്. നിസ്സാരങ്ങൾ മുതൽ സങ്കീർണ്ണമായ പ്രശ്നങ്ങളിൽ വരെ ഗണിതശാസ്ത്രം അത്യന്താപേക്ഷിതമാണ്.

5, 6, 7 ക്ലാസ്സുകളിൽ പ്രധാനമായും കൂടിയുള്ള സംഖ്യകൾ തമ്മിലുള്ള ബന്ധം ഉപയോഗിച്ച് ജ്യാമിതിയ രൂപങ്ങൾ നിർമ്മിക്കാനും അവയുടെ അളവുകൾ തിരിച്ചറിയാനും പ്രശ്നങ്ങൾ മനസ്സിലാക്കാനും ഇവ സഹായിക്കുന്നു.

5-ാം ക്ലാസ്സിൽ ജ്യാമിതീയ രൂപങ്ങൾ, അവയുടെ ക്രിയാവിശേഷണങ്ങൾ, ഇവ തിരിക്കാൻ ഭിന്നസംഖ്യകൾ എന്ന ആശയവും കുട്ടികൾ അറിയുന്നു.

6-ാം ക്ലാസ്സിൽ ഭിന്നസംഖ്യകൾ, ജ്യാമിതീയ രൂപങ്ങളുടെ പേരുകൾ കോണുകൾ ദശാംശസംഖ്യകൾ, ശരാശരി ഈ ആശയം കുട്ടികൾ അറിയുന്നു.

ഏഴാം ക്ലാസ്സിൽ ജ്യാമിതീയ രൂപങ്ങളും അവയുടെ പേരുകളും വിപുലമായി പഠിക്കുകയും ദശാംശസംഖ്യകൾ, ഭിന്നസംഖ്യകൾ ഇവ ഉപയോഗിച്ച് വിവിധ രീതികളിലൂടെ അവയുടെ പേരുകൾ കണക്കാക്കുകയും ചെയ്യുന്നു. കുട്ടികൾ ഗണിതശാസ്ത്രം എളുപ്പത്തിൽ പഠിക്കാൻ ആവശ്യമായ രീതികളിലൂടെ ഗണിതത്തിന്റെ അടിസ്ഥാനം കുട്ടികൾ അറിയാൻ കഴിയുന്നു.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു | - ഗണിത സല്ലാപം<br>കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ ചാർട്ട്, സംഖ്യാ കാർഡ്, സ്ഥാനവില പോക്കറ്റ്] | ജൂൺ | ഗണിത അധ്യാപകർ | |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. ജ്യാമിതീയ പാറ്റേണുകൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തുന്നു. | ജൂൺ, ജൂലൈ | ഗണിത അധ്യാപകർ | |
| ഗണിതമേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ | ഗണിത ലൈബ്രറി<br>ഗണിത മാഗസിൻ<br>ഗണിത ലാബ് സജ്ജമാക്കൽ | അക്കാദമിക വർഷം | ഗണിതാധ്യാപകർ<br>ഗണിതക്ലബ് | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതം ആസ്വദിക്കാൻ കഴിയുന്ന- തരത്തിലേക്ക് കുട്ടിയെ വളർത്തുന്നു. | - ഐ. ടി. സാധ്യത ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ ടി സാധ്യതകൾ ഉപയോഗപ്പെടുത്തി കൊണ്ട് കുട്ടികളിലേക്ക് എത്തിക്കുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| ഗണിതം മധുരമാക്കാൻ | - ഗണിത ശില്പശാല സംഘടിപ്പിക്കുന്നു. | സെപ്റ്റംബർ ഒക്ടോബർ | ഗണിത ക്ലബ് ഗണിതാധ്യാപകർ | ഗണിതക്ലബ് P.T.A |
| ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | - ഗണിത ക്ലിനിക് പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിലുള്ള കുട്ടികളും ചേർന്ന് ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | അക്കാദമിക വർഷം | ഗണിതാധ്യാപകർ സമർത്ഥരായ കുട്ടികൾ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025 - 2026

സെന്റ് ജോസഫ് യു.പി സ്കൂൾ മൈലെള്ളാംപാറ

സബ്ജക്ട് - അറബി

# ആമുഖം

ഭൂമിയിൽ പൂർണ്ണതയും സൗന്ദര്യവും നിലനിൽക്കുന്ന ഭാഷയാണ് അറബി ഭാഷ. ചുരുങ്ങിയ വാക്കുകളിൽ കൂടുതൽ ആശയം പ്രതിഫലിപ്പിക്കാൻ അറബി ഭാഷയ്ക്ക് സാധിക്കും. യു.എൻ അംഗീകരിച്ചിട്ടുള്ള ആറ് ഭാഷകളിൽ ഒന്നാണ് അറബി.

ഭാഷയുടെ മനോഹാരിതയും സവിശേഷതയും ഉൾക്കൊണ്ടുകൊണ്ട് വളരെ ലളിതമായ രീതിയിൽ ഒരു കുട്ടിക്കും ഭാഷ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്ന വിധത്തിലാണ് അറബി പാഠപുസ്തകങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. നിത്യ ജീവിതത്തിന്റെ കുട്ടികൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വസ്തു നാമങ്ങൾ, പദാവലികൾ, സംഭാഷണങ്ങൾ, കഥകൾ, പാട്ടുകൾ ഇവയെല്ലാം തയ്യാറാകുന്ന വിധം കുട്ടികൾ ഈ കാലഘട്ടത്തിൽ സ്വായത്തമാക്കുന്നു.

| No | Program | Activity | Duration | ഉൽപ്പന്നം | In charge responsibility |
|---|---|---|---|---|---|
| 1 | ഭാഷാ ജ്ഞാനവു<br>ന്നി കൈവരി<br>ക്കാൻ ശ്രമിക്കു<br>ക പുസ്തകങ്ങ<br>ളിലൂടെ അറ<br>ബി ഭാഷ കേ<br>ൾക്കാനും പ്ര<br>കടിപ്പിക്കാനും<br>കൂടുതൽ അ<br>വസരങ്ങൾ<br>ഉണ്ടാക്കുക. | കുട്ടികൾക്കിഷ്ടമുള്ളതും താ<br>ത് പാട്ടുകളും നിത്യജീ<br>വിതത്തിൽ കാണുകയും ഭക്ഷ<br>ിക്കുകയും ചെയ്യുന്നതു<br>മായ നിറങ്ങൾ പഴങ്ങൾ<br>പച്ചക്കറികൾ വിഭവങ്ങ<br>ങ്ങൾ മൃഗങ്ങൾ ജന്തുവർഗ<br>ങ്ങൾ ഉൾക്കൊള്ളി<br>ക്കുന്ന ചിത്രങ്ങൾ പാ<br>ട്ടുകൾ വീഡിയോകൾ എ<br>ന്നിവ കാണാനും കേൾക്കാ<br>നും അവസരം നൽകു<br>കയും കുട്ടികൾ ആസ്വദിക്കു<br>കയും ഒരു കാര്യങ്ങൾ പ്രക<br>ടിപ്പിക്കാനും അവസരം നൽ<br>കുകയും ചെയ്യുന്നു | ജൂൺ to<br>ആഗസ്റ്റ് | ലാപ്ടോപ്പ്<br>പ്രൊജക്ടർ<br>ചാർട്ട് | Arabi Tr |
| 2 | ദിന.പത്രത്തിൽ<br>ഒരു പ്രധാന<br>വാർത്തയോ മറ്റു<br>ള്ള ലേഖനങ്ങ<br>ളോ വായന<br>കുറിപ്പ്.<br>എന്നിവ | പാഠപുസ്തകവുമായി ബന്ധ<br>പ്പെട്ട പത്രവാർത്ത<br>ൾ ഉൾപ്പെടുന്ന വാർത്താ കട്ടി<br>ങ്ങുകളും വർക്ക് ഷീറ്റുകളും<br>ചിത്രങ്ങളും ശേഖരിച്ചു<br>കുട്ടികൾക്ക് സൗകര്യമാകുന്ന<br>രീതിയിൽ വായനാമൂല | സെപ്തം<br>ബർ<br>to<br>ഡിസംബർ | വാർത്താ<br>സംഭവങ്ങൾ<br>വർത്തമാനപ<br>ത്രങ്ങൾ<br>പോസ്റ്ററു<br>കൾ | |

| No | Program | Activity | Duration | സമിതി | Charge / Responsibility | | |
|---|---|---|---|---|---|---|---|
| | ഈ പരിഭാഷ വി ച്ചിരുന്നതിന് | എഴുതിനുള്ള അവസരങ്ങ ളൊരുക്കുകയും നാടകങ്ങ ളവതരിപ്പിക്കുകയും ചെയ്യുന്നു | | | | | |
| 3 | ആശയവിനിമയ ശേഷി, സർഗാത്മ കതയും ഭാഷാ നൈപു ണ്യവും വർധിപ്പിക്കുന്നു. | മലയാള ഭാഷയുമായി ബന്ധ പ്പെട്ട പരിപാടി അറിവിന് സാഹചര്യങ്ങൾ ഉണ്ടാക്കി കുട്ടികൾക്കും അവസരം നൽകു ന്നു ചെയ്യുന്നു. ഭാഷയുമായി ബന്ധപ്പെട്ട് വിവിധ മത്സരങ്ങളിൽ പങ്കെടുക്കാൻ കുട്ടികളെ സജ്ജരാക്കുന്നു. | ജൂലൈ മുതൽ to മാർച്ച് | ചെയർമാൻ പഠിക്കൽ സി.പി യൊരു ക്കൾ | | | |
| 4 | അറിവിലും, ഉറ ച്ച വർധിപ്പിക്കു ന്നതിന് പ്രവർത്ത വർധിപ്പിക്കൽ. • നിഘണ്ടു നിർമ്മാ ണം • കയ്യെഴുത്ത് മാസിക നിർമ്മാ ണം. | ഭാഷാ പഠനത്തിൽ അവർ നേടിയ അറിവുകൾ ഉൾക്കൊള്ളിച്ചു കൊണ്ട് ഒരു ക്ലാസിനും ഒരു പതിപ്പും നിഘണ്ടു വും തയ്യാറാക്കാനുള്ള അവസരമൊരുക്കുന്നു | ജനുവരി to മാർച്ച് | മലയാളം പുസ്തക ത്തിലെ നില ന്ന്. | | | |

കായികം - 2025-26.

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/സാമ്പത്തികം. |
|---|---|---|---|---|
| * കുട്ടികളുടെ കായികശേഷി വർദ്ധിപ്പിക്കൽ.<br>* കായിക മത്സരങ്ങളിലെ മികവ്. | • ജൂൺ ആദ്യ വാരം മുതൽ ആഴ്ചയിൽ ഒരു ദിവസം സുംബ ഡാൻസ് പരിശീലനം. | Teachers. | June to March. | |
| * ശാരീരിക, മാനസി. വ്യായാമം. | • ജൂലൈ ആദ്യവാരം മുതൽ ആൺ കുട്ടികൾക്കും പെൺ കുട്ടികൾക്കും കരാട്ടെ പരിശീലനം | കരാട്ടെ ഇൻസ്ട്രക്ടർ<br>Teachers. | July - March. | Parents . |
| | • സ്പോർട്സ് മത്സരത്തിൽ കായിക പരിശീലനം നൽകുന്നു. | Sports coach<br>Teachers | August - December. | PTA/ Sponsorship . |

കലാപഠനം . 2025-26.

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | ചിലവ്/സാമ്പത്തികം |
| --- | --- | --- | --- | --- |
| × കലാപരിപോഷണം<br>× കുട്ടികളുടെ സർഗവാസനകളെ പരിപോഷിപ്പിക്കൽ<br>× കലാമേളകളിലെ പങ്കാളിത്തം/ മികവ്. | * കുട്ടികളുടെ സർഗവാസനകൾ കണ്ടെത്തുകയും അവ പരിപോഷിപ്പിക്കുകയും ചെയ്യുക.<br>* സംഗീതം, നൃത്തം, അഭിനയം, കഥാരചന, കവിതാരചന, കവിതാലാപനം തുടങ്ങി വ്യത്യസ്തങ്ങളായ കഴിവുകളുള്ള കുട്ടികളെ കണ്ടെത്തി അവരുടെ സർഗവാസനകൾ പരിപോഷിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ.<br>* സ്കൂൾ കലാമേളകൾ/ സർഗമേളകൾ/ വിദ്യാരംഗം കലാസാഹിത്യവേദി. | വിദ്യാരംഗം ചുമതലയുള്ള അധ്യാപിക/ കലയ്ക്ക് ചുമതലയുള്ള അധ്യാപകർ. | June to March<br>June to March | PTA/ Sponsorship. |

# ഉപസംഹാരം

മൈലെള്ളാംപാറ സെന്റ് ജോസഫ്സ് യു.പി. സ്കൂളിന്റെ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന ആശയം ഉൾക്കൊള്ളിക്കൊണ്ട് ഗുണമേന്മാ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിയാണ് ഇതിലെ പ്രവർത്തനങ്ങൾ തയ്യാറാക്കിയിരിക്കുന്നത്. രക്ഷിതാക്കളുടെയും അധ്യാപകരുടെയും പൊതുസമൂഹത്തിന്റെയും പങ്കാളിത്തത്തോടെയും സഹകരണത്തോടെയും ഈ പ്രവർത്തനങ്ങൾ പൂർണ്ണതയിലെത്തിക്കാം എന്ന ശുഭാപ്തി വിശ്വാസത്തോടെ

ടീം സെന്റ് ജോസഫ്സ് യു.പി.
സ്കൂൾ, മൈലെള്ളാംപാറ.